**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1745** **02-02-2024 - ൽ മറുപടിയ്ക്ക്**

**പാലത്തിങ്ങൽ കീരനല്ലൂർ സയൻസ് പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പാലത്തിങ്ങൽ കീരനല്ലൂർ സയൻസ് പാർക്ക് ആൻഡ് പ്ലാനെറ്റേറിയം പദ്ധതിയുടെ നിലവിലെ സാഹചര്യം വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ കേരള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 2019-ൽ M/s. KEL നെ ഏൽപ്പിക്കുകയും, 2021, മാർച്ചിൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടം നിലനിൽക്കുന്ന 3 ഏക്കർ വസ്തുവിന്റെ ചുറ്റുമതിൽ, ഗേറ്റ്, ഫെൻസിങ് എന്നിവ നിർമ്മിക്കുവാനായി 03.12.2015 - ൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് വർക്ക് ഓർഡർ നൽകുകയും മുൻകൂറായി 34,08,912/- രൂപ 5 തവണകളായി അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>17.3.2022-ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശ പ്രകാരം, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നടത്തിയ ചുറ്റുമതിൽ നിർമ്മാണത്തിന്റെ അളവുകൾ എടുത്ത് വിലയിരുത്തുന്നതിനായി സർക്കാർ നിയന്ത്രിത നിർമ്മാണ ഏജൻസിയായ M/s.KEL –നെ ചുമതലപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലായെന്ന് M/s. KEL അറിയിച്ചു. തുടർന്ന്, 2023 ഒക്ടോബർ 25 – ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിന്റെ അളവുകൾ അടങ്ങിയ പൂർണ്ണമായ മെഷർമെന്റ് ബുക്ക് തയ്യാറാക്കി എൽ.എസ്.ജി.ഡി എഞ്ചിനീയർ സർട്ടിഫൈ ചെയ്ത് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രസ്തുത മെഷർമെന്റ് ബുക്കുകൾ ലഭ്യമാക്കുകയും ചെയ്തു. എങ്കിലും പ്രസ്തുത മെഷർമെന്റ് |

| | | | |
|---|---|---|---|
| | | | ബുക്കുകൾ എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിനുള്ള വിസമ്മതം പരപ്പനങ്ങാടി നഗരസഭാ കാര്യാലയം അറിയിച്ചു. തുടർന്ന് ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം തേടിയിരിക്കുകയാണ്. അതോടൊപ്പം പ്രസ്തുത കെട്ടിടത്തിന് ആവശ്യമായ വാട്ടർ/ വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ തുടർ പ്രവൃത്തിക്കാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഈ പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കായി ഈ സാമ്പത്തികവർഷം (2023-24) 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാരിന്റെ 2024ലെ ബജറ്റിലേക്ക് ബന്ധപ്പെട്ട വകുപ്പ് നൽകിയ പ്രൊപ്പോസലിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഈ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി, കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, സംസ്ഥാന സർക്കാരിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിലേക്കായി 300 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ